പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1399 　　 14.6.2013-ൽ മറുപടിക്ക്

തിരുമല-തൃക്കണ്ണാപുരം റോഡ് സഞ്ചാരയോഗ്യ മാക്കാൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി. ശിവൻകുട്ടി | | ശ്രീ.മഞ്ഞളാംകുഴി അലി (നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) | |
| എ) | നേമം നിയോജകമണ്ഡലത്തിലെ തിരുമല-തൃക്കണ്ണാപുരം റോഡ്, 'ജൻറം' പദ്ധതി പ്രകാരം ജലവിതരണപൈപ്പുകൾ സ്ഥാപിക്കുന്നതിനായി കുഴിച്ച കുഴികൾ, കാൽ നടയാത്രയും വാഹന ഗതാഗതവും തടസ്സപ്പെടുത്തുന്നു എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ) | ഉണ്ട്. |
| ബി) | എങ്കിൽ കുഴികൾ എന്നത്തേക്ക് മൂടി സഞ്ചാരയോഗ്യമാക്കുമെന്നു വ്യക്തമാക്കുമോ ? | ബി) | തിരുമല – തൃക്കണ്ണാപുരം റോഡിൽ, JNNURM പദ്ധതി പ്രകാരം ജലവിതരണ പൈപ്പുകൾ സ്ഥാപിക്കുന്ന പണികൾ പുരോഗമിച്ചു വരികയാണ്. ചെറിയ വാഹനങ്ങളെ പണി നടക്കുന്ന സമയത്തും കടന്നു പോകാൻ അനുവദിക്കുന്നുണ്ട്. ഒരോ പൈപ്പും സ്ഥാപിക്കുന്ന മുറക്ക് അതാതു ദിവസം തന്നെ കുഴികൾ മൂടുന്നുണ്ട്. മഴ കാരണമുണ്ടാകുന്ന കുഴികൾ യഥാസമയം മൂടി കാൽനടയാത്രക്കാർക്കും ചെറിയ വാഹനങ്ങൾക്കും സഞ്ചാരയോഗ്യമാക്കാൻ വേണ്ട നിർദ്ദേശം കരാറുകാരന് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ